II ഇ.ബി.XIV-കേരള നിയമസഭ/V-20

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

71(*601) സർക്കാർ സേവനങ്ങൾക്ക് ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, എം-കേരളം മൊബൈൽ ആപ്പ് വഴി സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ടെന്നും പേയ്മെന്റ് ഇന്റഗ്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണെന്നും ഇ-ഡിസ്ട്രിക്ട് മുഖേന നൽകിവരുന്ന സേവനങ്ങൾ എം-കേരളം മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. റവന്യൂ, മോട്ടോർ വാഹനം, സാമൂഹ്യനീതി, സഹകരണം, വാണിജ്യനികുതി,

രജിസ്ട്രേഷൻ, മൃഗസംരക്ഷണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽ ഓൺലൈൻ സേവനങ്ങൾ നൽകിവരുന്നുണ്ടെന്നും ഘട്ടംഘട്ടമായി പഞ്ചായത്ത്- താലൂക്ക് ഓഫീസുകൾ, കളക്ട്രേറ്റുകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങി എല്ലാ മേഖലകളിലും ടി സംവിധാനം ലഭ്യമാക്കുമെന്നും ഇതിനായി ആരംഭിച്ചിട്ടുള്ള ഏകജാലക പോർട്ടൽ സംവിധാനം ജൂൺ മാസത്തോടുകൂടി പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ-ഫോൺ) സംവിധാനം നിലവിൽ വരുന്നതോടുകൂടി ഭരണ രംഗത്തും സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇന്റർനെറ്റ് സൗകര്യം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കും. സർക്കാർ സേവനങ്ങൾ സമയബന്ധിതവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് ഓൺ ലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കുമെന്നും ടി സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഓൺ ലൈൻ ആപ്ലിക്കേഷനുകൾ യൂസർ ഫ്രണ്ട്ലിയാക്കുന്നതിനും സൈബർ ക്രൈം തടയുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിന് ഇൻ-സർവ്വീസ് കോഴ്സുകൾ ആരംഭിക്കുമെന്നും

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും മറുപടി നൽകുന്നതിനുമായി വെബ്സൈറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

72(*602)<u>അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കായി പ്രത്യേക ആരോഗ്യ പരിപാടി നടപ്പിലാക്കി വരുന്നുണ്ടെന്നും പോഷണക്കുറവ് കണ്ടെത്തിയ കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളും Child Tracking System-വും പ്രവർത്തിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അട്ടപ്പാടിയിലും പരിസരപ്രദേശങ്ങളിലുമുള്ള കുട്ടികളിലെ ന്യൂനപോഷണം പരിഹരിക്കുന്നതിനും ശിശുമരണങ്ങൾ ഇല്ലാതാക്കുന്നതിനുമായി Based Management of Acute Malnourishment ആരംഭിച്ചിട്ടുണ്ടെന്നും അങ്കണവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർ ചേർന്ന് Severe Acute malnutrition ഉള്ള കുട്ടികളെ കണ്ടെത്തി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കി Energy Dense Special Food (EDSF) നൽകുന്നുണ്ടെന്നും ഈ കാലയളവിൽ കുട്ടികളുടെ ആരോഗ്യം കൃത്യമായി

മോണിറ്റർ ചെയ്ത് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്നും ന്യൂനപോഷണമുള്ള കുട്ടികളുടെ വളർച്ച ത്വരിതപ്പെടുത്തി സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരുന്നതിന് ശ്രമിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ആർദ്രം പദ്ധതിയുടെ ഗുണഫലങ്ങൾ അട്ടപ്പാടി മേഖലയ്ക്ക് ലഭ്യമാക്കുമെന്നും ജാതക് ജനനി പദ്ധതിപ്രകാരം മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും ഗർഭിണികൾക്കും ആവശ്യമായ പരിരക്ഷ നൽകുന്നുണ്ടെന്നും ഇതിന്റെ ഭാഗമായുള്ള മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആദിവാസി ഊരുകളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനായി വയനാട്, പാലക്കാട് ജില്ലകളിൽ 'ഊരുമിത്രം ആശ' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ചാലക്കുടി താലൂക്ക് ആശുപത്രിയും ആദിവാസി മേഖലകളിലെ സബ്സെന്ററുകളും പ്രൈമറി ഹെൽത്ത് സെന്ററുകളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. തീരപ്രദേശത്തെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമെന്നും SDG (Sustainable Development Goal) -യുടെ ഭാഗമായി ഇൻഫന്റ് മോർട്ടാലിറ്റി റേറ്റും മെറ്റേണൽ മോർട്ടാലിറ്റി റേറ്റും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അട്ടപ്പാടി മേഖലയിൽ കുട്ടികളിൽ കണ്ടുവരുന്ന സിക്കിൾസെൽ അനീമിയ, വിളർച്ച തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. കോട്ടത്തറ ആശുപത്രിയെ ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയാക്കി മാറ്റിയിട്ടുണ്ടെന്നും ശിശുമരണ നിരക്ക് വൻതോതിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കി.

73(*603) <u>അടിസ്ഥാന സൗകര്യവികസന പദ്ധതികൾ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടെന്നും കൊച്ചി മെട്രോ റെയിൽ, സംയോജിത ജലഗതാഗത പദ്ധതികൾ നിലവിലുണ്ടെന്നും തിരുവനന്തപുരം - കോഴിക്കോട് ലൈറ്റ് മെട്രോയും തലശ്ശേരി-മൈസൂർ റെയിൽ പാതയും നടപ്പിലാക്കുമെന്നും സഭയെ അറിയിച്ചു. ദേശീയ ജലപാതാ വികസനത്തോടനുബന്ധിച്ച് വീട് നഷ്ടപ്പെടുന്നവരെ 'ലൈഫ് പദ്ധതിയുടെ' ഫ്ലാറ്റ് സമുച്ചയങ്ങളിൽ പുനരധിവസിപ്പിക്കുമെന്നും കനാലുകളുടെ ശുചീകരണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്നും കോഴിക്കോട് വിമാനത്താവളത്തിന്റെ

റൺവേ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുമെന്നും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കണ്ണൂർ വിമാനത്താവളത്തിന്റെയും വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെയും പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പൊന്നാനി തുറമുഖ നിർമ്മാണം ആരംഭിക്കാനും തങ്കശ്ശേരി-ബേപ്പൂർ തുറമുഖങ്ങൾ വികസിപ്പിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ്-തിരുവനന്തപുരം ദേശീയപാതാ വികസനം സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും പൊതു വികസനാവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും തലശ്ശേരി-മൈസൂർ, കണ്ണൂർ-മൈസൂർ റോഡുകൾ നാഷണൽ ഹൈവേ ആക്കുന്ന കാര്യം പരിശോധിക്കുമെന്നും തിരുവനന്തപുരം-കണ്ണൂർ ഹൈസ്പീഡ് റെയിൽവേ കോറിഡോർ സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

74(*604) സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി.കോഴ്സിന്റെ ഫീസ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി. ഡിഗ്രി

ക്ലിനിക്കൽ കോഴ്സിന് 14,00,000/- രൂപയും നോൺ ക്ലിനിക്കൽ കോഴ്സിന് 8.5 ലക്ഷം രൂപയും പി.ജി. ഡിപ്ലോമ ക്ലിനിക്കൽ കോഴ്സിന് 10.50 ലക്ഷം രൂപയും പി.ജി. ഡിപ്ലോമ നോൺ-ക്ലിനിക്കൽ കോഴ്സിന് 6.40 ലക്ഷം രൂപയും എൻ.ആർ.ഐ.യ്ക്ക് 35 ലക്ഷം രൂപയുമാണ് 2017-18 അദ്ധ്യയനവർഷം ഫീസായി നിശ്ചയിച്ചിട്ടുള്ളതെന്നും മുൻ വർഷങ്ങളിലേതിന് ആനുപാതികമായിട്ടാണ് ഫീസ് തീരുമാനിച്ചിട്ടുള്ളതെന്നും മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കും സമാനമായ ഫീസ് നിരക്കാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. സുപ്രീം കോടതി ഉത്തരവിന്റെയും NEET പരീക്ഷയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിൽ നിന്നും കോമൺ കൗൺസിലിംഗ് മുഖേനയാണ് പി.ജി. പ്രവേശനം നടത്തേണ്ടതെന്നും സർക്കാർ-മാനേജ്മെന്റ് ക്വാട്ട വേർതിരിവ് ഇല്ലാതെ പ്രവേശനം നടത്തേണ്ടതിനാലും ക്രോസ് സബ്സിഡി പാടില്ലാത്തതിനാലുമാണ് ഏകീകൃത ഫീസ് നിശ്ചയിച്ചിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സ്വാശ്രയ നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ മാനേജ്മെന്റുകളുമായി ഫീസ് വർദ്ധന സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5427 മുതൽ 5726 വരെയുള്ള ചോദ്യങ്ങളിൽ 63 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ

രേഖാമൂലം ഉത്തരം നൽകി.)